ട്ട്, സ്വന്തം വീടുണ്ടാക്കി, വലിയൊരു കുടുംബത്തോടെ അതിൽ പാർപ്പുറപ്പിച്ചശേഷവും ഈ പഴയ 'ലോഡ്ജ് പാരമ്പര്യം' ഡോ. എസ്. കെ. നായർ വ്യത്യസ്തപരിതഃസ്ഥിതിയിൽ, വ്യത്യസ്തശൈലിയിൽ, തുടർന്നുപോന്നു. സ്ഥിതിഭേദം അദ്ദേഹത്തിൽ അടിസ്ഥാനപരമായ പ്രകൃതിഭേദം ഉളവാക്കുകയുണ്ടായില്ലെന്നാണ് എന്റെ അനുഭവം. നാല്പതോളം വർഷങ്ങൾക്കുശേഷം, ഇപ്പോഴും അദ്ദേഹത്തെ കാണുമ്പോഴെല്ലാം ആ പഴയ ലോഡ്ജ് കാലഘട്ടം നൊടിയിടയിൽ തിരിച്ചുവരികയും, ഞങ്ങൾ പഴയ, എന്തിനുംപോന്നവരായ, എന്തിനും തയ്യാറായ ഗവേഷണവിദ്യാർത്ഥികളായി മാറുകയുംചെയ്യുമായിരുന്നു.

അകാലികവും തികച്ചും അപ്രതീക്ഷിതവുമായ എസ്. കെ. നായരുടെ ദേഹവിയോഗംമൂലം നഷ്ടബോധം അനുഭവപ്പെടാത്തവർ, കേരളത്തിലെ ഏതെങ്കിലുമൊരു പൊതുരംഗത്തിൽ പ്രവർത്തിക്കുന്നവർക്കിടയിൽ, ഏറെയുണ്ടായിരിക്കയില്ല. അതിവിപുലമായ അദ്ദേഹത്തിന്റെ സുഹൃദ്വലയത്തിന്റെ ശൂന്യതാബോധം അടുത്തൊന്നും നീങ്ങുകയുമില്ല. പക്ഷേ, ഈ സമയത്തു് എന്റെ ചിന്ത മുഴുവൻ എല്ലാ അർത്ഥത്തിലും അദ്ദേഹത്തിന്റെ ജീവിതപങ്കാളിയായിരുന്ന ശ്രീമതി മീനാക്ഷിയമ്മയെക്കുറിച്ചാണ്. അഗാധമായ ഈശ്വരഭക്തികൊണ്ട് അനുഗൃഹീതയാണവർ. ഈ ദുഃഖം താങ്ങാനുള്ള കരുത്തു് ഭക്തിയിൽനിന്നു് അവർ സംഭരിക്കുമാറാകട്ടെ.

(4 ജനവരി, 1984)

## 121. ഷോളഖോവ്

റഷ്യൻ ജനതയുടെ ജീവിതത്തിലെ ഒരു ഐതിഹാസികകാലഘട്ടത്തെ ചിത്രീകരിക്കുന്നതിൽ പ്രദർശിപ്പിച്ച കലാപരമായ കരുത്തിനും സത്യസന്ധതയ്ക്കുമായി 1965—ൽ സാഹിത്യത്തിനുള്ള നോബൽസമ്മാനംകൊണ്ടു ബഹുമാനിതനായ മിഖായിൽ അലെക്സാൻഡ്രോവിച്ച് ഷോളഖോവ് ഇക്കഴിഞ്ഞ ഫെബ്രുവരി 20—ാം തീയതി നിര്യാതനായി. മരിക്കുമ്പോൾ അദ്ദേഹത്തിനു് എഴുപത്തൊമ്പതു വയസ്സായിരുന്നു.

സോഷ്യലിസ്റ്റ് വിപ്ലവം നടക്കുന്നതിനുമുമ്പുള്ള റഷ്യ ലോക നോവൽസാഹിത്യത്തിനു നൽകിയ സംഭാവന ആരിലും അത്ഭുതാദരങ്ങളുണർത്തുന്നതാണ്. പ്രത്യേകിച്ചും, 'യുദ്ധവും സമാധാനവും', 'അന്നാ കരേനീന', 'ഉയിർത്തെഴുന്നേല്പ്' എന്നീ നോവലുകളുടെ കർത്താവെന്ന നിലയിൽ ലിയോ ടോൾസ്റ്റോയിയും 'കുററവും ശിക്ഷയും', 'കാരമസോവ് സഹോദരന്മാർ' എന്നീ നോവലുകളുടെ കർത്താവെന്ന നിലയിൽ ദസ്തയേവ്സ്കിയും സാഹിത്യപ്രണയികളുടെ ആരാധന ഏതുകാലത്തും അർഹിക്കും. സോഷ്യലിസ്റ്റ് വിപ്ളവകാലഘട്ടത്തെ സ്വന്തം തൂലികാവിലാസംകൊണ്ടു ധന്യമാക്കിയ മാക്സിം ഗോർക്കിയും, മഹാനായ ഒരു മാനവതാവാദിയെന്ന നിലയിൽ, സഹൃദയഹൃദയങ്ങളിൽ ശാശ്വതപ്രതിഷ്ഠ നേടിയിരിക്കുന്നു.

'സോവിയററ്കമ്യൂണിസമെന്ന പുതിയ നാഗരികത' നടപ്പിലായതിനുശേഷം എന്തുകൊണ്ട് റഷ്യയിൽ, മുകളിൽ പറഞ്ഞവരോടു സമശീർഷന്മാരല്ലെങ്കിൽക്കൂടി, അവരുടെ തൊട്ടുതാഴെക്കിടയിൽ നില്ക്കുന്നവരെങ്കിലുമായ സാഹിത്യകാരന്മാർ ഉണ്ടായില്ല എന്ന ചോദ്യം പലവിധത്തിൽ ആവർത്തിക്കപ്പെട്ടിട്ടുണ്ട്. വിപ്ളവത്തെത്തുടർന്നു്, ലബ്ധപ്രതി

ഷ്ടരായ പല റഷ്യൻ സാഹിത്യകാരന്മാരും സ്വന്തം മാതൃഭൂമി ഉപേക്ഷിച്ച് യൂറോപ്പിലെ മററു രാജ്യങ്ങളിൽ പോയി പാർപ്പുറപ്പിച്ചതാണോ, സാഹിത്യത്തിനു സോവിയററ് റഷ്യയിൽ നേരിട്ട അപചയത്തിനു കാരണം? സ്റ്റാലിന്റെ ഏകാധിപത്യത്തിനു കീഴിൽ, 'നിയതീകൃത നിയമരഹിതവും ഋറ്റാദൈകമയവു'മായ പ്രതിഭാപ്രവർത്തനത്തെ, അതാതു കാലത്തെ പാർട്ടി, പരിപാടികൾ പ്രചരിപ്പിക്കുന്നതിനുള്ള മാദ്ധ്യമം മാത്രമാക്കി, പോലീസധികാരംപോലും കൈയാളിയിരുന്ന ഷ്ഡനോവിനെപ്പോലെയുള്ള ഉഗ്ര രാഷ്ട്രീയസിദ്ധാന്തവാദികൾ അധഃപതിപ്പിച്ചതുനിമിത്തമാണോ, ഏതാനും വർഷങ്ങൾമുമ്പുവരെ കനത്ത വിളവുകൾ നൽകിപ്പോന്ന റഷ്യൻ സാഹിത്യകേദാരത്തിൽ കൂടുതൽ പതിരും അല്പംമാത്രം മണികളും ലഭിക്കുന്ന കൊയ്ത്തു നിത്യസംഭവമായിത്തീർന്നതു്? നോബൽസമ്മാനംകൊണ്ടു് ആദരിക്കപ്പെട്ട മറെറാരു സാഹിത്യകാരനും, ഇപ്പോൾ അമേരിക്കയിൽ പാർത്തു് സ്ഥാനത്തും അസ്ഥാനത്തും തന്റെ മാതൃഭൂമിയെ ആക്ഷേപിക്കുന്നതിൽ ആഹ്ളാദം കൊള്ളുന്ന ആളുമായ അലക്സാൻഡർ സോൾഷെനിത്സിൻ ഈ രണ്ടാമതു പറഞ്ഞ അഭിപ്രായത്തിന്റെ ഏററവും വലിയ പ്രചാരകനാണു്.

വാസ്തവം എന്തായാലും, വിപ്ളവാനന്തര റഷ്യൻസാഹിത്യം, അങ്ങിങ്ങു് ഒററപ്പെട്ട ചില പച്ചത്തുരുത്തുകൾ കണ്ടേക്കാമെങ്കിലും പൊതുവെ സോഷ്യലിസ്റ്റ് റിയലിസമെന്ന 'പാർട്ടിസാഹിത്യവാദ'ത്തിന്റെ ഏകരൂപമായ ചാരനിറം പരന്ന വിശാലമായ ഒരു ഉണക്കപുൽമൈതാനമായിരുന്നു. ഈ മൈതാനത്തിൽ അപൂർവമായ പ്രതിഭാപ്രസരത്തിന്റെ സമൃദ്ധമായ ഒരു പ്രസ്രവണമായാണു് ഷോളഖോവ് ആദ്യം തന്റെ നാട്ടിലെയും, ക്രമത്തിൽ മററു നാടുകളിലെയും, സാഹിത്യതല്പരക്കു മുമ്പിൽ ഒരു അത്ഭുതംപോലെ പ്രത്യക്ഷപ്പെട്ടതു്. സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥിതിയുടെ കീഴിൽ പ്രതിഭ വററിപ്പോകണമെന്നില്ലെന്നും, ഏതു സിദ്ധാന്തവാദത്തെയും അതിജീവിച്ച് പടർന്നുപന്തലിക്കാനുള്ള കരുത്തു് യഥാർത്ഥ സർഗശക്തിക്കു് എന്നും ഉണ്ടായിരിക്കുമെന്നും ഷോളഖോവിന്റെ, എണ്ണത്തിൽ ചുരുങ്ങിയവയെങ്കിലും ഗുണത്തിൽ മികച്ച, കൃതികൾ അസന്ദിഗ്ദ്ധമായി തെളിയിച്ചു.

മോസ്കോവിനു തെക്കുവശത്തു് ഉദ്ഭവിക്കുന്ന ഡോൺനദി തെക്കോട്ടൊഴുകി കരിങ്കടലിൽ പോയി വീഴുന്നു. ഡോൺനദിയുടെ പടിഞ്ഞാറുഭാഗത്താണു് 'യുക്രൈൻ' സ്റ്റേററ്. യുക്രൈനിനു പടിഞ്ഞാറു് പോളണ്ടും റുമേനിയയും കിടക്കുന്നു. ഇപ്പോൾ യു. എസ്. എസ്. ആറിൽ പെട്ടതെങ്കിലും, ഒരു കാലത്തു് പോളീഷ്സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു യുക്രൈൻ. ഈ പ്രദേശത്തു ശതാബ്ദങ്ങളായി പാർത്തുവരുന്ന ഒരു മിശ്രവർഗമത്രെ കൊസ്സാക്കുകൾ. വിദഗ്ദ്ധരായ കുതിരസവാരിക്കാർ, കണക്കില്ലാതെ മദ്യപിക്കുന്നവർ, കൊള്ളക്കാർ, ബലാൽസംഗക്കാർ, കൊലയാളികൾ, സാഹസികർ, ധീരർ, അലസന്മാർ—അങ്ങനെ പല വിധത്തിൽ ചിത്രീകരിക്കപ്പെട്ടിട്ടുള്ള ഇവർ പതിനഞ്ചാം ശതകംമുതല്ക്കു ചരിത്രത്തിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങി. താർത്തർ ആക്രമണകാരികൾക്കെതിരെ റഷ്യയുടെ അതിർത്തികാവൽക്കാരായി ഉപയോഗപ്പെടുത്തപ്പെട്ടിരുന്ന കൊസ്സാക്കുകൾ പത്തൊമ്പതാം ശതാബ്ദത്തിൽ സാർ ചക്രവർത്തിമാരുടെ പട്ടാളക്കാരായി മാറി. പല വ്യത്യസ്ത സമൂഹങ്ങളായി പിരിഞ്ഞ ഇവർക്കു് സ്വന്തമായ ഗ്രാമ—സൈനികഘടനയുണ്ടായിരുന്നു. ഓർത്തഡോക്സ് ക്രിസ്തുമതത്തിൽ അടിയുറച്ചു വിശ്വസിച്ചിരുന്ന കൊസ്സാക്കുകൾ യുദ്ധം തൊഴിലായി കണക്കാക്കി. സ്വന്തം ഗോത്രത്തിൽപെട്ട കാരണവന്മാരുടെ ഭരണത്തിൻകീഴിൽ, റഷ്യൻ സാമ്രാജ്യ

ത്തിലും ഇവർക്ക് ഏറെക്കുറെ പ്രാദേശിക സ്വയംഭരണസ്വാതന്ത്ര്യമുണ്ടായിരുന്നു.

'ചക്രവർത്തിയുടെ മുമ്പിൽപോലും ഒരു കൊസ്സാക് തൊപ്പിയെടുക്കില്ല' എന്നതു് അവരുടെ ഒരു പഴമൊഴിയാണ്. അതിരുകടന്ന കലഹശീലവും സ്വാതന്ത്ര്യപ്രേമവുമുള്ള കൊസ്സാക്കുകളെ നെപ്പോളിയൻ വിളിച്ചതു് 'മനുഷ്യവർഗത്തിൻെറ നാണക്കേടു്' എന്നായിരുന്നുവത്രെ.

1917–ൽ റഷ്യയിൽ വിപ്ലവം ആരംഭിച്ചപ്പോൾ, പെട്രോഗ്രാഡിൽ ഉണ്ടായിരുന്ന കൊസ്സാക് പടയാളികൾ നാട്ടുകാരെ വെടിവയ്ക്കാൻ വിസമ്മതിച്ചു. എന്നാൽ, 1918 മുതൽ 1920 വരെ നടന്ന ആഭ്യന്തരയുദ്ധത്തിൽ കൊസ്സാക്കുകൾ, ചെമ്പടയിലെന്നപോലെ, വിപ്ലവത്തെ എതിർത്തിരുന്ന 'വെള്ളപ്പട'യിലും ധാരാളമായി ചേർന്നു പൊരുതി. ഒടുവിൽ 'വെള്ളപ്പട' തോററപ്പോൾ, അതിലുണ്ടായിരുന്ന മുപ്പതിനായിരത്തോളം കൊസ്സാക്കുകൾ നാടിൻെറ നാനാഭാഗങ്ങളിലുമായി ചിതറി. വിപ്ലവത്തിനുശേഷം 1930–കളിൽ സോവിയററ് കൃഷി സ്റ്റേററ് ഉടമയിൽ പുനഃസംഘടിപ്പിക്കുന്നതിനുള്ള ശ്രമങ്ങളെ (കളക്ടീവൈസേഷൻ) കൊസ്സാക്കുകൾ എതിർത്തു. രണ്ടാം മഹായുദ്ധകാലത്തു പല കൊസ്സാക്കുകളും ജർമനിയുടെ ഭാഗത്തു ചേർന്നു് സോവിയററ് സൈന്യത്തിനെതിരെ പൊരുതി. ഇററാലിയൻ ആൽപ്സ്പർവതപ്രദേശത്തു് ഒരു സ്വതന്ത്ര കൊസ്സാക് സ്റ്റേററ് സ്ഥാപിക്കാനുള്ള ശ്രമവും നടക്കുകയുണ്ടായി. യുദ്ധാനന്തരം കമ്യൂണിസവുമായി പൊരുത്തപ്പെട്ടുവെങ്കിലും, പഴയ ആചാരങ്ങളും, പഴയ വേഷവിധാനങ്ങളും, തങ്ങളുടെതായ നൃത്തങ്ങളും എല്ലാം അവർ സംരക്ഷിച്ചുവരുന്നു. പലതുകൊണ്ടും തികച്ചും വ്യത്യസ്തമായ ഒരു ജനതയാണു് കൊസ്സാക്കുകൾ. ഗോഗോൾ 'താരാസ്ബുൾബ' എന്ന നോവലിലും, ടോൾസ്റ്റോയ് 'കൊസ്സാക്കുകൾ' എന്ന നോവലെററിലും ചിത്രീകരിച്ചിട്ടുള്ള ഈ ജനവിഭാഗത്തിൽ സോഷ്യലിസ്റ്റ് വിപ്ലവം വരുത്തിയ പ്രതികൂലവും അനുകൂലവുമായ പ്രതികരണങ്ങളാണു് ഐതിഹാസികങ്ങളായ മാനങ്ങളോടെ, ഷോളഖോവിൻെറ കൃതികളിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നതു്.

തെക്കൻ റഷ്യയിൽ ഡോൺ നദീതടപ്രദേശത്തിലുള്ള 'വെഷൻസ്കായ' എന്ന കൊസ്സാക്ഗ്രാമത്തിൽ, ഒരു കൃഷിയിടത്തിൽ, 1905 മെയ് 24–ാം തീയതി, ഒരു സാധാരണകർഷകൻെറ പുത്രനായി ഷോളഖോവ് പിറന്നു. പതിനഞ്ചാം വയസ്സിൽ ചെമ്പടയിൽ ചേർന്ന ഈ ബാലൻ, രണ്ടു വർഷം മോസ്കോവിൽ പാർത്തശേഷം, 1924–ൽ തൻെറ ഗ്രാമത്തിൽ മടങ്ങിയെത്തി. വലിയ വിദ്യാഭ്യാസമൊന്നും ലഭിക്കാതിരുന്നിട്ടും ഷോളഖോവ് പതിനേഴാം വയസ്സിൽ കഥകളെഴുതാൻ തുടങ്ങിയിരുന്നു. റിയലിസ്റ്റ് രീതിയിൽ എഴുതപ്പെട്ട ഈ കഥകളുടെ ഒരു സമാഹാരം 1925–ലും (ഡോൺ കഥകൾ) മറെറാന്നു് 1926–ലും (നീലസ്റ്റെപ്പി) പ്രസിദ്ധീകരിക്കപ്പെട്ടു.

ഷോളഖോവിൻെറ മുഖ്യകൃതിയായ 'ടിഖി ഡോൺ' എന്ന നോവൽ എഴുതി പൂർത്തിയാക്കാൻ പതിനഞ്ചു വർഷം പിടിച്ചു. നാലു വാല്യങ്ങളുള്ള 'ടിഖി ഡോൺ' (നിശ്ശബ്ദമായ ഡോൺ നദി) 1940–ൽ പ്രസിദ്ധീകരിക്കപ്പെട്ടു. 'ഡോൺ ശാന്തമായി ഒഴുകുന്നു', 'ഡോൺ കടലിലേക്കു്, ഒഴുകുന്നു' എന്നീ പേരുകളിൽ രണ്ടു വാല്യങ്ങളായി ഇതിൻെറ ഇംഗ്ലീഷ് വിവർത്തനം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടു്. സോവ്യററ് റഷ്യയിൽ ഏററവുമധികം വായിക്കപ്പെട്ട നോവൽ ഇതാണത്രെ. സോഷ്യലിസ്റ്റ് വിപ്ലവത്തിനു തൊട്ടുമുമ്പും പിമ്പുമുള്ള കൊസ്സാക്കുകളുടെ ക്ഷുബ്ധമായ ജീവിതമാണു് ആഴത്തിലും വിശദാംശങ്ങളോടെയും, ഇതിൽ ആലേഖനംചെയ്തിട്ടുള്ളതു്. ഈ അസാധാരണ ജനതയുടെ വികാ

രോദ്ബണമായ ജീവിതം അതിന്റെ എല്ലാ സൗന്ദര്യങ്ങളോടും വൈരൂപ്യങ്ങളോടുംകൂടെ ഈ നോവലിൽ തുടിച്ചുനിൽക്കുന്നു. ആഭ്യന്തരയുദ്ധത്തിനുശേഷം, ഡോൺപ്രദേശത്തു് സോഷ്യലിസ്റ്റ് വ്യവസ്ഥിതി നടപ്പിലാവുന്നതും, അന്നോളം കലപ്പകൊണ്ടു മുറിവു തട്ടാത്ത പുൽമൈതാനങ്ങളിൽ (സ്റ്റെപ്പികളിൽ) കൂട്ടുകൃഷിയിടങ്ങൾ ഉയർന്നുവരുന്നതും ചിത്രീകരിക്കുന്ന 'പ്ദന്യാതായത് സെലിന' (ഉഴുതുമറിച്ച കന്നിമണ്ണു്) എന്ന രണ്ടു വാല്യങ്ങളുള്ള അടുത്ത നോവൽ എഴുതാൻ ഷോളഖോവ് നീണ്ട ഇരുപത്തെട്ടു വർഷങ്ങൾ എടുത്തു. കാലത്തിന്റെ അനന്തതയിലൂടെ കണ്ടറിയാൻ കഴിയാത്തവിധം പടർന്നുപന്തലിക്കുന്ന ഒരു വടവൃക്ഷംപോലെ നിശ്ശബ്ദമായ വളർച്ചയാണു് ഷോളഖോവിന്റെ പ്രതിഭ പ്രദർശിപ്പിച്ചതു്. വളർച്ചയുടെ ഈ മന്ദഗതി നിമിത്തമാവാം ഷോളഖോവിന്റെ കൃതികൾ അദ്ദേഹമെഴുതിയവയല്ലെന്നും, ആഭ്യന്തരയുദ്ധത്തിൽ മരിച്ച ഒരു പടയാളി എഴുതിവെച്ചിരുന്ന കൈയെഴുത്തുപ്രതികൾ എങ്ങനെയോ കൈവശപ്പെടുത്തിയ ഷോളഖോവ് അല്പസ്വല്പം മാററങ്ങൾമാത്രം വരുത്തി അവ തന്റെ പേരിൽ പ്രസിദ്ധീകരിക്കുകയാണു ചെയ്തതെന്നുമുള്ള അപവാദം ഉത്ഭവിച്ചതു്. ഈ അപവാദത്തിന്റെ പ്രചാരകരിൽ പ്രമുഖൻ അലെക്സാൻഡർ സോൾഷെനിത്സിൻ ആണു്. സോൾഷെനിത്സിന്റെ മറെറാരു റഷ്യൻ വിരുദ്ധ പ്രചാരവേലയായേ ഈ സാഹിത്യചോരണവാദത്തെ ലോകസഹൃദയർ കൈക്കൊണ്ടിട്ടുള്ളു.

സ്റ്റാലിന്റെ മരണത്തിനുശേഷമാണു്, പച്ചയായ റിയലിസം കത്തിനിൽക്കുന്ന ഷോളഖോവിന്റെ കൃതികൾക്കു് സോവ്യററ്യൂണിയനകത്തു മതിപ്പു കൈവന്നതു്. ക്രൂഷ്ചേവ് ഷോളഖോവിനെ വളരെയധികം ആദരിക്കുകയും അമേരിക്കയിലേക്കു പോയപ്പോൾ അദ്ദേഹത്തെക്കൂടി ഒന്നിച്ചു കൊണ്ടുപോവുകയുംചെയ്തു. പടിഞ്ഞാറൻ യൂറോപ്പിലും ഷോളഖോവ് പല സന്ദർശനങ്ങൾ നടത്തിയിട്ടുണ്ടു്. സോവ്യററ് പാർലമെൻറിലെ അംഗമായും റഷ്യൻ സാഹിത്യകാരസംഘത്തിന്റെ തലവനായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ടു്. വിപ്ലവാനന്തര റഷ്യയിൽ ഇന്നോളം ഉണ്ടായ സാഹിത്യകാരന്മാരിൽ അഗ്രിമസ്ഥാനം, രണ്ടു നോവലുകളിലൂടെ, ഷോളഖോവ് നേടിയിരിക്കുന്നു. ടോൾസ്റ്റോയിയുടെയും ദസ്തയേവ്സ്കിയുടെയും നോവലുകൾപോലെ ഷോളഖോവിന്റെ നോവലുകളും വീണ്ടും വീണ്ടും വായിക്കപ്പെടുകയും ആസ്വദിക്കപ്പെടുകയും ചെയ്യുമെന്നതിൽ സംശയമില്ല. സാർവലൗകികതയുടെയും സാർവകാലികതയുടെയും മുദ്രകൾ അവയിൽ ആഴത്തിൽ പതിഞ്ഞിരിക്കുന്നു.

(23 ഫെബ്രുവരി, 1984)

# 122. ബിധുഭൂഷൺ ദാസ് ഗുപ്ത

ശ്രീ ബിധുഭൂഷൺ ദാസ് ഗുപ്ത അന്വേഷിച്ചുവന്നപ്പോൾ ഞാൻ ആഫീസിലുണ്ടായിരുന്നില്ല. അദ്ദേഹത്തെപ്പററി ആഫീസിലുള്ളവർ പിന്നീടു പറഞ്ഞതിൽനിന്നു് ഏതോ ഒരു സർവോദയക്കാരൻ വന്നിരുന്നു എന്നു മാത്രമേ ധരിച്ചുള്ളു. ഒടുവിൽ, ടൗൺഹാളിൽ ഒരു ചർച്ചയുടെ നടുവിൽവെച്ചാണു് അദ്ദേഹത്തെ കാണാൻ എനിക്കു് അവസരം കിട്ടിയതു്. ചർച്ചയിൽ ഞാൻ ഏറെക്കുറെ മുഴുകിയിരിക്കുകയായിരുന്നു. അദ്ദേഹത്തിനാകട്ടെ, അരമണിക്കൂറിനകം സ്റ്റേഷനിലെത്തുന്ന തീവണ്ടിയിൽ നഗരം